# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1453** 07.06.2018 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയിൽ മികവിന്റെ വർഷം

*ചോദ്യം*
ശ്രീ. കെ. എസ്. ശബരീനാഥൻ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2018-19 വർഷം മികവിന്റെ വർഷമായി ആചരിക്കുവാൻ കേരള സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് വെളിപ്പെടുത്തുമോ ; | (എ) | സർവ്വകലാശാല ഇത്തരത്തിൽ തീരുമാനിച്ചതായി കാണുന്നില്ല. |
| (ബി) | പരീക്ഷകൾ കഴിഞ്ഞ് ഒരു വർഷത്തോളമായിട്ടും പല കോഴ്സുകളുടെയും പരീക്ഷാഫലം കേരള സർവ്വകലാശാല പ്രസിദ്ധീകരിക്കാത്തത് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കാലതാമസമുണ്ടായതായി ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് സമയബന്ധിതമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | യഥാസമയം പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാത്തതിനാൽ പല പ്രമുഖ കമ്പനികളും കാമ്പസ് റിക്രൂട്ട്മെന്റിനായി ഈ വർഷം കേരള സർവ്വകലാശാലയുടെ കീഴിലുള്ള പല കോളേജുകളിലും എത്തിയില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വാർഷിക പരീക്ഷ മാറ്റി സെമസ്റ്റർ സമ്പ്രദായം കൊണ്ടുവന്നത് കൃത്യമായി പരീക്ഷാഫലം | (ഡി) | അതെ |

| | | | |
|---|---|---|---|
| | പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയായിരുന്നോ; | | |
| (ഇ) | കേരള സർവ്വകലാശാലയിലെ കാര്യക്ഷമതയില്ലാത്ത ഭരണസംവിധാനവും മൂല്യനിർണ്ണയം നടക്കുന്നതിലെ തർക്കവും അത് പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതുമാണ് കാര്യങ്ങൾ അവതാളത്തിലാക്കിയതെന്നത് പരിഗണിച്ച് പരീക്ഷാ ഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ? | (ഇ) | പരീക്ഷാ ഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ